**D 14356** (Pages : 2) Name.......................................

Reg. No....................................

**FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021**

(CBCSS–SDE/Private)

Malayalam

MAL 1C 01—ANCIENT-MEDIEVAL POETRY

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. "മെയ്യെന്നു കല്പിച്ചു വന്നു പുണർന്നു ഞാൻ
   മെയ്യല്ല നല്ല കരിങ്കല്ലു നിർണ്ണയം"
   –ആരുടെ വാക്കുകളാണിത് ? സന്ദർഭമേത് ? വിശദമാക്കുക.
2. "കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
   കാന്തമാർ കാന്തിയും മങ്ങുമല്ലോ"
   –ഈ സാമാന്യ പ്രസ്താവത്തിലൂടെ സമർത്ഥിക്കാൻ ശ്രമിക്കുന്ന വിശേഷകാര്യം എന്താണ് ?
3. "പെണ്ണായ ഞാനോ വിറയ്ക്കുന്നില്ല
   ആണായ നിങ്ങൾ വിറയ്ക്കുന്നിതെന്തേ"
   –ആര്, ആരോട് പറഞ്ഞതാണിത് ? ഏത് സന്ദർഭത്തിൽ ? വ്യക്തമാക്കുക.
4. "ശുനാസീരസുത പ്രഖ്യ-
   വില്ലാളികുലസങ്കുലം ;
   കുലഞ്ഞലാവും താർവ്വല്ലി
   നിറയുഞ്ചാരനിഷ്കുടം"
   –വ്യാഖ്യാനിക്കുക.
5. "പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി"–പ്രഭാമത്തനായ ചന്ദ്രൻ ലോകത്തെ വിഭ്രമിപ്പിച്ചത് ഏതെല്ലാം തരത്തിലാണ് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

6. "ഇനിബ്ഭുവി തേ ഗതി പഴുതേ

ശകുനപ്പിഴ തവ ജനിതം"

–ആര് ആരോട് പറയുന്നതാണിത് ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

7. മലയാളത്തിലെ പല മുക്തകങ്ങളുടെയും പ്രധാന സവിശേഷത അവയിലെ സൂക്ഷ്മ സ്വഭാവ വർണ്ണനയാണ്– ഈ പ്രസ്താവനയെ 'മൂടില്ലാത്തൊരു മുണ്ടു കൊണ്ടു' എന്നാരംഭിക്കുന്ന മുക്തകം സാധൂകരിക്കുന്നുണ്ടോ ?

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries* 3 *weightage.*

8. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ഭാഷാപരമായ സവിശേഷതകളെ താരതമ്യം ചെയ്യുക.

9. ചെങ്ങന്നൂരാതിയും കരിയാപണിക്കരും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ സ്വഭാവം എന്തായിരുന്നു ?

10. നമ്പ്യാർക്കവിതയുടെ സവിശേഷതകളിലൊന്ന് സവിസ്തരമായ വർണ്ണനയാണ്–'സത്യാസ്വയംവര'ത്തെ മുൻനിർത്തി വിശദമാക്കുക.

11. 'ഉണ്ണുനീലി സന്ദേശ'ത്തിലെ അതിർ കടന്ന ക്ഷേത്രവർണ്ണനകളും സ്തുതികളും അംഗിയായ രസത്തിന്റെ ആസ്വാദനത്തിന് തടസ്സമാകുന്നുണ്ടോ എന്ന് പരിശോധിക്കുക.

12. മനുഷ്യ സ്വഭാവത്തിലെ ഏതെല്ലാം അനഭിലഷണീയമായ പ്രവണതകളെയാണ് പൂന്താനം 'ജ്ഞാനപ്പാന'യിലൂടെ വിമർശന വിധേയമാക്കുന്നത് ?

13. ദ്വാരകയിലെത്തിയ കുചേലനുണ്ടായ അനുഭവങ്ങൾ രാമപുരത്തു വാര്യർ വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

14. മലയാളത്തിലെ വിലാപകാവ്യ പ്രസ്ഥാനത്തിലെ ആദ്യാങ്കുരമായി 'പുത്തൻപാന'യിലെ 'മാതാവിന്റെ വിലാപ'ത്തെ കണക്കാക്കാമോ ? എന്തു കൊണ്ട് ?

(4 × × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries* 5 *weightage.*

15. രാമചരിതം, കണ്ണശ്ശ രാമായണം, കൃഷ്ണഗാഥ എന്നീ കൃതികളിൽക്കൂടി മലയാള ഭാഷയ്ക്കുണ്ടായ മാറ്റങ്ങൾ വിലയിരുത്തുക.

16. മഹാഭാരത കഥയിലെ ഒരു സവിശേഷ സന്ദർഭത്തെ കീഴാള ജീവിത സംസ്കൃതിയുമായി സമന്വയിപ്പിച്ചതാണ് 'കുറത്തിത്തോറ്റ'ത്തിന്റെ ഇതിവൃത്തം–ഉപപാദിക്കുക.

17. മലയാളത്തിലെ ശാകുന്തളമാണ് 'നളചരിതം' എന്നു പറയുന്നത് എത്രത്തോളം യുക്തിസഹമാണെന്ന് പരിശോധിക്കുക.

18. മാപ്പിളപ്പാട്ടിന്റെ ഭാഷാപരവും പ്രമേയപരവുമായ സവിശേഷതകൾ 'ബദറുൽ മുനീർ ഹുസ്നുൽ ജമാൽ' എന്ന കാവ്യത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് വിശദമാക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 14356** (Pages : 4 + 2 = 6) Name..................................

Reg. No..................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021

(CBCSS–SDE/Private)

Malayalam

MAL 1C 01—ANCIENT-MEDIEVAL POETRY

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

Time : 15 Minutes Total No. of Questions : 20

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY, UNIVERSITY OF CALICUT

MAL 1C 01—ANCIENT-MEDIEVAL POETRY

Multiple Choice Questions :

1. 'തോറ്റം പാട്ടുകൾ' എന്നാൽ എന്ത് ?

   (A) വീരഗാനം. (B) വിനോദഗാനം.

   (C) താരാട്ട് പാട്ട്. (D) ദേവതകളുടെയും വീരന്മാരുടെയും സ്തുതികൾ.

2. പുലിമറഞ്ഞതൊണ്ടച്ചൻ ആര് ?

   (A) കാരിത്തെയ്യം. (B) മുത്തപ്പൻ തെയ്യം.

   (C) ചോപ്പൻ തെയ്യം. (D) ഉച്ചിട്ട.

3. തെക്കൻപാട്ടുകളുടെ ഗാനമാധുര്യം തങ്ങിനിൽക്കുന്നവയാണ് :

   (A) പാനപാട്ടുകൾ. (B) പടേനിപ്പാട്ടുകൾ.

   (C) വില്ലടിച്ചാൻ പാട്ടുകൾ. (D) ആണ്ടിപ്പാട്ടുകൾ.

4. ആരാധ്യദേവതയുടെ ഉൽപത്തിയും വ്യാപ്തിയും വിവരിക്കുന്ന പാട്ട് :

   (A) വടക്കൻ പാട്ട്. (B) തോറ്റം പാട്ട്.

   (C) ഇടനാടൻ പാട്ട്. (D) വേലൻ പാട്ട്.

5. തമ്പുരാന്റെ മാലംസദാഹത്തിനു മുൻപിൽ പതറി നിൽക്കേണ്ടി വരുന്ന കഥയാണ് :

   (A) വാഴക്കുല. (B) തമ്പുരാനും പുലയിയും.

   (C) മാതേയിപ്പാട്ട്. (D) മീനച്ചിപ്പാട്ട്.

6. ഒതേനൻ മരണ കാരണം :

   (A) അങ്കം പിടിച്ച്. (B) ആധി പിടിച്ച്.

   (C) ചതി പിണഞ്ഞ്. (D) വെടിയേറ്റ്.

7. വടക്കെ മലബാറിലെ നായാട്ടു ദൈവം :

   (A) മുത്തപ്പൻ. (B) വേട്ടക്കൊരു മകൻ.

   (C) കിരാത മൂർത്തി. (D) തൊണ്ടച്ചൻ.

8. എല്ലാ വീരചരിതങ്ങളിലും സ്വാധീനിക്കുന്ന ഇതിവൃത്തം :

   (A) നായകന്റെ ജനനം ബാല്യം. (B) നായകന്റെ അഭ്യാസ പരിശീലനം.

   (C) ഒരു വിലക്കും അതിന്റെ നിഷേധവും. (D) വീരനായകന്റെ ദുരന്തം.

CHMK LIBRARY, UNIVERSITY OF CALICUT

9. പാട്ടിനുള്ള ലക്ഷണങ്ങൾ ഏറെക്കുറെ യോജിക്കുന്ന ആദ്യ മലയാള കൃതി :

(A) കണ്ണശ്ശ രാമായണം. (B) കൃഷ്ണപ്പാട്ട്.

(C) അദ്ധ്യാത്മ രാമായണം. (D) രാമചരിതം.

10. സംഗ്രഹണ വിദ്യയിൽ എഴുത്തച്ഛൻ മാർഗ്ഗ ദർശനം നൽകിയ കൃതി :

(A) കണ്ണശ്ശ രാമായണം. (B) ബാലരാമായണം.

(C) ഭാരതമാല. (D) ഭഷാ ഭഗവദ്ഗീത.

11. അദ്ധ്യാത്മരാമായണം ഭാഷാന്തരപ്പെടുത്താൻ എഴുത്തച്ഛനെ പ്രേരിപ്പിച്ച ഘടകം :

(A) ആദ്ധ്യാത്മിക താൽപര്യം.

(B) വിവർത്തന സൗകര്യം.

(C) ശ്രീരാമനെ ഈശ്വരാവതാരമായി പരിചയപ്പെടുത്തിയത്.

(D) കണ്ണശ്ശൻ മുൻപ് വാൽമീകി രാമായണം വിവർത്തനം ചെയ്തതു കൊണ്ട്.

12. എഴുത്തച്ഛന് മുമ്പു തന്നെ ഭാഷാപരിഷ്ക്കരണത്തിന് ശ്രമിച്ച കവികൾ :

(A) കരുന്നേഗൻ കവികൾ. (B) കണ്ണശ്ശന്മാർ.

(C) മണിപ്രവാള കവികൾ. (D) ചമ്പുകാരന്മാർ.

13. എഴുത്തച്ഛൻ ആവിഷ്ക്കാര പ്രതിസന്ധി മറി കടക്കാൻ കണ്ട ഉപായം :

(A) സരസ്വതിയെ സ്തുതിക്കുക. (B) പരിഭാഷയെ ആശ്രയിക്കുക.

(C) കിളിയെക്കൊണ്ട് പാടിക്കുക. (D) സ്വന്തം പേർ വെളിച്ചപ്പെടുത്താതിരിക്കുക.

14. "നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമകണക്കെ ശരണം" എന്ന വരികൾ ആരുടെതാണ് ?

(A) ഉള്ളൂർ എസ്. പരമേശ്വരയ്യർ. (B) വെണ്മണി അച്ഛൻ നമ്പൂതിരി.

(C) വള്ളത്തോൾ. (D) കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

15. മിശ്രഭാഷ തുടക്കത്തിൽ അരോചകമാകും. ഇംഗ്ലീഷ് മലയാള മിശ്രഭാഷയ്ക്ക് ഒരു ഉദാഹരണം :

(A) ചവക്കുക. (B) ചിക്കുക.

(C) വിതറുക. (D) ഗോവുക.

16. മലയാളത്തിലെ സന്ദേശകാവ്യങ്ങളുടെ എടുത്തു പറയേണ്ട പ്രത്യേകത :

(A) ഭക്തിയുടെ സന്ദേശം നൽകുന്നു.

(B) പ്രകൃതിയെ വർണ്ണിക്കുന്നു.

(C) ക്ഷേത്രങ്ങളേയും അങ്ങാടികളേയും വർണ്ണിക്കുന്നു.

(D) കഥാനായികയെ വർണ്ണിക്കുന്നു.

CHMK LIBRARY, UNIVERSITY OF CALICUT

17. മണിപ്രവാള കൃതിയുടെ പ്രധാന പോരായ്മ.

(A) ഉക്തിവൈചിത്ര്യത്തിന്റെ അഭാവം.
(B) വിഷയഗൗരവത്തിന്റെ അഭാവം.
(C) ഭാഷാശൈലിയുടെ അഭാവം.
(D) ശൃംഗാരത്തിന്റെ അതിപ്രസരം.

18. ബൈബിളിന്റെ ആദ്യ മലയാള പരിഭാഷ :

(A) വേദവിഹാരം.
(B) സംക്ഷേപ വേദാർത്ഥം.
(C) പുത്തൻപാന.
(D) ക്രിസ്തുമാർഗ്ഗം.

19. വെൺമണി മഹൻ നമ്പൂതിരിപ്പാടിന്റെ പ്രസിദ്ധകൃതി :

(A) ദുതിഭൂഷചരിതം.
(B) പൂരപ്രബന്ധം.
(C) അഷ്ടമി യാത്ര.
(D) ശിവരാത്രി മാഹാത്മ്യം.

20. മലയാള കവിതാരംഗത്ത് രൂപഭംഗിയെക്കാൾ ഭാവ തീവ്രതക്ക് പ്രാധാന്യം നൽകിയ ആദ്യ കൃതി :

(A) കുമാരനാശാന്റെ വീണപൂവ്.
(B) എ.ആറിന്റെ മലയവിലാസം.
(C) ആസന്നമരണ ചിന്താശതകം.
(D) വി.സി. ബാലകൃഷ്ണപണിക്കരുടെ ഒരു വിലാപം.

CHMK LIBRARY, UNIVERSITY OF CALICUT

**D 14357** (Pages : 2) Name.......................................

Reg. No...................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021

(CBCSS–SDE/Private)

Malayalam

MAL 1C 02—MODERN POETRY

**(ആധുനിക കവിത)**

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. "പദേപദേ നാം പ്രമുദിതർ കാണ്മൂ
   ഭവാബ്ധി ഗോഷ്പദമായ്"
   —എന്തു കൊണ്ട് ? വിശദമാക്കുക.
2. "യാത്രക്കാർ, ധൃതിപ്പെട്ടു പോകുമോ ; രിക്കാഴ്ചക-
   ണ്ടെത്തി നില്ക്കുന്ന ചുറ്റു ചേരുന്ന പുരാഷാരം"
   —കാഴ്ചയെന്ത് ?
3. " ................ ഗുരുനിന്ദ പാതകമെന്നു വിശ്വസിക്കുന്നു ഞാൻ"—കാരണമെന്ത് ?
4. മലയാളം ലിപിയെപ്പറ്റി കവിയുടെ ചിന്തകൾ എന്തെല്ലാം ?
5. "അന്ധമായപ്പെൺക്കിടാവ് മന്ത്രിക്കയായ്—പെൺകിടാവ് മന്ത്രിച്ചതെന്തായിരുന്നു ?
6. "മധുരസ്വപ്നശതാവലി പൂത്തൊരു
   മായാ ലോകത്തെത്തീ ഞാൻ
   —ആര് ? എപ്പോൾ ? വിശദമാക്കുക.
7. "കത്തുകയാവനു കല്പാന്തക-
   വിഭൂതിഭൂഷണനയനം"
   —ആശയം വ്യക്തമാക്കുക.

(4 × 2 = 8 weightage)

Turn over

CHMK LIBRARY, UNIVERSITY OF CALICUT

## Section B

*Answer any* **four** *questions.*
*Each question carries 3 weightage.*

8. 'മലയവിലാസ'ത്തിൽ സഹ്യനെ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?
9. ശിഷ്യന്റെ ചിത്തതമോഗർവ്വ ദുർഗ്ഗം തകർന്നു വീണതപ്പോൾ ?
10. 'എവിടെ ജോൺ' എന്ന കവിതയിലെ ദുരന്ത വീക്ഷണത്തെപ്പറ്റി വിശകലനം ചെയ്യുക.
11. രാവണന്റെ പുത്രീവാത്സല്യത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?
12. പരശുരാമൻ മഴു വലിച്ചെറിയാനുണ്ടായ കാരണമെന്ത് ?
13. ഒരു ദാർശനിക കൃതി എന്ന നിലയിൽ ദൈവദശകത്തിന്റെ പ്രസക്തിയെന്ത് ?
14. കുതിരക്കൊമ്പ് സൃഷ്ടിക്കുന്ന പുതിയ അർത്ഥതലങ്ങളെക്കുറിച്ച് വിശദമാക്കുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries 5 weightage.*

15. 'തരിശുനിലങ്ങളിലേക്ക്' എന്ന കവിതയുടെ പ്രമേയപരമായ സവിശേഷതകളെ വിലയിരുത്തുക.
16. അധികാരാസക്തിയേയും അഹന്തയെയും കുറിച്ചുള്ള സ്ത്രീപക്ഷ വീക്ഷണമാണ് 'മഴുവിന്റെ കഥ'യിൽ പ്രകടമാകുന്നത് – നിരൂപിക്കുക.
17. 'ദളിത്, സ്ത്രീ, പരിസ്ഥിതി ചിന്തകളുടെ സ്വാധീനം ഉത്തരാധുനിക കവിതകളുടെ സവിശേഷതയാണ്' – പാഠഭാഗത്തുള്ള കവിതകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.
18. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ പ്രകടമാകുന്ന കേരളീയത കളിയച്ഛൻ എന്ന കവിതയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 14357** (Pages : 4 + 2 = 6) Name.....................................

Reg. No..................................

**FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021**

(CBCSS–SDE/Private)

Malayalam

MAL 1C 02—MODERN POETRY

**(ആധുനിക കവിത)**

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 20 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY, UNIVERSITY OF CALICUT

## MAL 1C 02—MODERN POETRY

## (ആധുനിക കവിത)

Multiple Choice Questions :

1. പത്തു പദ്യങ്ങളടങ്ങുന്ന ഒരു മതനിരപേക്ഷ പ്രാർത്ഥനയാണ് —————— :
   - (A) അനുഭൂതിദശകം.
   - (B) അനുകമ്പാദശകം.
   - (C) ദൈവദശകം.
   - (D) ആത്മോപദേശ ശതകം.

2. "തന്നതില്ല പരനുള്ള കാട്ടുവാ-
   നൊന്നുമേ നരനുപായമീശ്വരൻ
   ഇന്നുഭാഷയിത പൂർണമിങ്ങഹോ
   വന്നു പോം പിഴയുമർത്ഥ ശങ്കയാൽ "
   –ആരുടെ വാക്കുകളാണത് ?
   - (A) ദിവാകരൻ.
   - (B) ലീല.
   - (C) നളിനി.
   - (D) സന്യാസിനി.

3. ഉള്ളൂരിന്റെ പ്രേമസംഗീതം ഒരു —————— കവിതയാണ്.
   - (A) കാല്പനിക.
   - (B) ഭാവാത്മക.
   - (C) പ്രതീകാത്മക.
   - (D) പ്രബോധനാത്മക.

4. ഗുരു നിത്യചൈതന്യയതിയുടെ നളിനീകാവ്യ പഠനം :
   - (A) നളിനി എന്ന കാവ്യശില്പം.
   - (B) നളിനികാവ്യം ഒരു പഠനം.
   - (C) ഇവാഞ്ചലിനും നളിനിയും.
   - (D) നളിനീകാവ്യത്തിലെ നാടകീയത.

5. താഴെക്കൊടുത്തതിൽ ഒരു സിംബലിസ്റ്റിക് കവി :
   - (A) കെ.ജി. ശങ്കരപ്പിള്ള.
   - (B) ജി. ശങ്കരക്കുറുപ്പ്.
   - (C) വള്ളത്തോൾ നാരായണ മേനോൻ.
   - (D) ചങ്ങമ്പുഴ കൃഷ്ണപിള്ള.

6. 'ദുർമ്മുഖം കാണേണ്ടെനിക്ക്' എന്നു പറഞ്ഞതാര് ?
   - (A) നടൻ.
   - (B) ദേശികൻ.
   - (C) ശിഷ്യൻ.
   - (D) സഹനടൻ.

7. "ഒരു കണ്ണീർക്കണം മറ്റു-
   ള്ളവർക്കായ് ഞാൻ പൊഴിക്കവെ"
   –എന്നാരംഭിക്കുന്ന കവിത.
   - (A) പാർക്കിൽ.
   - (B) ബോധാഗ്നി.
   - (C) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം.
   - (D) തരിശുനിലങ്ങളിലേക്ക്.

CHMK LIBRARY, UNIVERSITY OF CALICUT

8. ഗാന്ധിയും ഗോഡ്സെയും എന്ന കവിത എഴുതിയത് ആർ ?

(A) സച്ചിദാനന്ദൻ.
(B) എൻ.വി. കൃഷ്ണ വാര്യർ.
(C) കെ.ജി. ശങ്കരപ്പിള്ള.
(D) ആറ്റൂർ.

9. എലികൾ എന്ന കവിത എഴുതിയത് ആര് ?

(A) ഒ.എൻ.വി. കുറുപ്പ്.
(B) എൻ.വി. കൃഷ്ണ വാര്യർ.
(C) കെ.ജി. ശങ്കരപ്പിള്ള.
(D) അയ്യപ്പപ്പണിക്കർ.

10. "എന്തൊരന്തർദ്ദാഹ-മെന്താത്മവേദന-
യെന്തായിരുന്നു മനസ്സിലാസംഭവം"
—ആരുടെ അന്തഃക്ഷോഭമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത് ?

(A) സീതയുടെ.
(B) രാവണന്റെ.
(C) രാമന്റെ.
(D) പരശുരാമന്റെ.

11. 'വ്യക്തഗതമായ വേദനകളെ വിശ്വഗതമായി വികസിപ്പിക്കുന്നതിലാണ് സുഗതകുമാരിയുടെ മിടുക്ക് എന്ന് പ്രസ്താവിച്ചതാര് ?

(A) പ്രൊഫ : എം.കെ. സാനു.
(B) പ്രൊഫ : എസ്. ഗുപ്തൻ നായർ.
(C) പ്രൊഫ : എം. തോമസ് മാത്യു.
(D) പ്രൊഫ : എം.എൻ. വിജയൻ.

12. "മുഴുവൻ ഭൂമിയുമൊറ്റച്ചാലായ്
ഉഴുതു മറിക്കും വീര്യമൊടെ"
—എന്ന വരികൾ ഏതു കവിതയിലേതാണ് ?

(A) ശിവതാണ്ഡവം.
(B) തരിശുനിലങ്ങളിലേക്ക്.
(C) ആസാം പണിക്കാർ.
(D) ബോധാഗ്നി.

13. ചിരപുരാതനവും ചിരനൂതനവുമാണ് വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിത എന്നഭിപ്രായപ്പെട്ടത് :

(A) പ്രൊഫ : എം. തോമസ് മാത്യു.
(B) പ്രൊഫ : എസ്. ഗുപ്തൻ നായർ.
(C) പ്രൊഫ : എം.കെ. സാനു.
(D) കെ.പി. ശങ്കരൻ.

14. ———— നഗരത്തിൽ
"ജഢസീമകൾ തോറും തിരയുക,
നിൻയക്ഷിണിമാരെ പുണരുക, മുകരുക
നിൻ കോമ്പല്ലുകളാൽ,
ജീവനിണം ———— "
—എന്ന വരികളിൽ തെളിയുന്നത്.

(A) പ്രേമാഭിരതി.
(B) തീവ്രരതിഭാവം.
(C) ഭോഗാസക്തിയുടെ രാക്ഷസീയത.
(D) രാക്ഷസീയമായ പക.

CHMK LIBRARY, UNIVERSITY OF CALICUT

15. "കുതിരയ്ക്ക് കൊമ്പുണ്ടെന്ന് നേതാവു പ്രഖ്യാപിച്ചാൽ നട്ടെല്ലൂരിയെടുത്ത് നെറ്റിയിലൊട്ടിച്ച് പ്രഖ്യാപനത്തെ സാർത്ഥമാക്കുന്ന നട്ടെല്ലു നഷ്ടപ്പെട്ട അനുയായി വർഗ്ഗത്തെ കളിയാക്കുന്ന കുതിരക്കൊമ്പ് ———— "എന്നു പറഞ്ഞതാര് ?

(A) ഡോ : പി.കെ. രാജശേഖരൻ. (B) ഡോ : എം. ലീലാവതി.

(C) ഡോ : സുകുമാർ അഴീക്കോട്. (D) ഡോ : കെ.എം. ജോർജ്.

16. "കേരളത്തിലെ ആധുനിക കവിതയിൽ വിപ്ലവകരമായ ബോധപരിവർത്തനവും ദർശനപരമായ ധ്രുവീകരണവും ആരംഭിക്കുന്നത് 'ബംഗാൾ' എന്ന കവിതയോടെയാണ്–എന്നഭിപ്രായപ്പെട്ടത് :

(A) എൻ. കൃഷ്ണപിള്ള. (B) ജി. കുമാരപ്പിള്ള.

(C) സച്ചിദാനന്ദൻ. (D) അയ്യപ്പപ്പണിക്കർ.

17. "ചക്രവർത്തി നഗ്നനാണെന്ന് വിളിച്ചു പറയുന്ന
പഴങ്കഥയിലെ കുട്ടിയാണു ഞാൻ
ഒരു വീടിനുമുൾക്കൊള്ളാനാകാത്ത
ഒരു മുറിയാണ് ഞാൻ"

–എന്ന വരികൾ ഏത് കവിതയിലേതാണ് ?

(A) ബുദ്ധനും ആട്ടിൻകുട്ടിയും. (B) ബംഗാൾ.

(C) സത്യവാങ്മൂലം. (D) കാട്.

18. 'അണുധൂളി പ്രസാരത്തിന്നവിശുദ്ധദിനങ്ങളിൽ'–കവി ഇവിടെ ഉദ്ദേശിക്കുന്നതെന്ത്

(A) ഗ്രഹണകാലം. (B) വിമർശനങ്ങളുടെ കാലം.

(C) കലികാലം. (D) അയിത്തത്തിന്റെ കാലം.

19. 'വെയിൽ തിന്നുന്ന പക്ഷി' ആരുടെ രചനയാണ് ?

(A) ബാലചന്ദ്രൻ ചുള്ളിക്കാട്. (B) സച്ചിദാനന്ദൻ.

(C) വയലാർ. (D) എ. അയ്യപ്പൻ.

20. പി.പി. രാമചന്ദ്രൻ തന്റെ കാണെക്കാണെ എന്ന സമാഹാരത്തിലെ കവിതകളിൽ ഉപയോഗിച്ചിട്ടുള്ള ഒരു കാവ്യരചനാതന്ത്രം :

(A) കാല്പനികത. (B) റിയലിസം.

(C) മാജിക്കൽ റിയലിസം. (D) ഇമേജിസം.

CHMK LIBRARY, UNIVERSITY OF CALICUT

**D 14358** (Pages : 4 + 2 = 6) Name.......................................

Reg. No...................................

**FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021**

(CBCSS–SDE/Private)

Malayalam

MAL 1C 03—KERALA – REGION AND CULTURE

(കേരളം : ദേശവും സംസ്കാരവും)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

Time : 20 Minutes Total No. of Questions : 20

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 1C 03—KERALA – REGION AND CULTURE

(കേരളം ഃ ദേശവും സംസ്കാരവും)

Multiple Choice Questions :

1. ഏത് ചുരം കടന്നാണ് ചേരരാജാക്കന്മാർ കൊങ്ങു നാട്ടിലേക്ക് ആധിപത്യം വികസിപ്പിച്ചത് ?

(A) താമരശ്ശേരി ചുരം. (B) പേരമ്പാടി ചുരം.

(C) പാലക്കാടൻ ചുരം. (D) നാടുകാണി ചുരം.

2. ആലുവ ശിവരാത്രി ആഘോഷം നടക്കുന്നത് ഏത് നദിയുടെ തീരത്താണ് ?

(A) കബനി. (B) ഭാരതപ്പുഴ.

(C) പെരിയാർ. (D) പാമ്പാർ.

3. സംഘകാല കേരളത്തിലെ തെക്കൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശം ?

(A) ഏഴിമല. (B) ചേര.

(C) ചോള. (D) ആയ്.

4. ഇന്ന് സംഘസാഹിത്യം എന്നറിയപ്പെടുന്ന കൃതികൾ ഏത് സംഘകാലത്ത് രചിക്കപ്പെട്ടവയാണ് ?

(A) കടൈ സംഘം. (B) മുതൽ സംഘം.

(C) ഇടൈ സംഘം. (D) നയ്യൽ സംഘം.

5. ചേരരാജാക്കന്മാരുടെ ചരിത്രം രചിക്കാൻ പ്രയോജനപ്പെട്ടതും നമ്മുടെ സംസ്കാരത്തിന്റെ ഏറ്റവും പ്രാചീന രേഖയായി കരുതപ്പെടുന്നതുമായ കൃതിയേത് ?

(A) അകനാനൂറ്. (B) പുറനാനൂറ്.

(C) പതിറ്റുപത്ത്. (D) എട്ടുത്തൊകൈ.

6. മരുതത്തിലെ ദൈവം ആരായിരുന്നു ?

(A) കണ്ണൻ. (B) ശിവൻ.

(C) ഇന്ദ്രൻ. (D) മുരുകൻ.

7. സംഘകാലത്തെ സ്ത്രീയുടെ സാമൂഹ്യപദവി എന്തായിരുന്നു ?

(A) പുരുഷനേക്കാൾ താഴ്ന്നത്. (B) തുല്യപദവി.

(C) പുരുഷനേക്കാൾ ഉയർന്നത്. (D) അടിമ.

CHMK LIBRARY, UNIVERSITY OF CALICUT

8. മണിമേഖലയുടെ കർത്താവാരാണെന്നാണ് കരുതപ്പെടുന്നത് :

(A) ഉദയകുമാരൻ. (B) സീതലൈസിത്തനാർ.

(C) കോവലൻ. (D) ഇളങ്കോവടികൾ.

9. ഇന്ത്യൻ ശിക്ഷാവിധികളിൽ നിന്ന് മുൻകാലങ്ങളിൽ സ്വയം പ്രഖ്യാപിത ഇളവുകൾ നേടിയതാര് ?

(A) ക്ഷത്രിയർ. (B) ബ്രാഹ്മണർ.

(C) വൈശ്യർ. (D) ശൂദ്രർ.

10. മൃഗപ്രയത്നം പോലും ഉപയോഗിക്കാത്ത, ജലസേചന സൗകര്യങ്ങളില്ലാത്ത, അല്പ മാത്ര ഉല്പാദനം നടന്നിരുന്ന ഒന്നായിരുന്നു കേരളത്തിന്റെ കാർഷികോല്പാദന രംഗം എന്ന് നിർവ്വചിച്ചതാര് ?

(A) ചെന്താരശ്ശേരി. (B) കെ.കെ. കൊച്ച്.

(C) ഇളംകുളം. (D) പി.കെ. ബാലകൃഷ്ണൻ.

11. കേരളത്തിലെ ബുദ്ധമതത്തെപ്പറ്റി അറിവു തരുന്ന ശാസനമേത് ?

(A) ഗിർണർ ശാസനം. (B) തരിസാപ്പള്ളി ശാസനം.

(C) മാമ്പള്ളി ശാസനം. (D) അവിട്ടത്തൂർ ശാസനം.

12. പാലക്കാട് ജില്ലയിൽ 'ജൈനമേട് ചന്ദ്രനാഥ ക്ഷേത്രം' എവിടെയാണ് സ്ഥിതി ചെയ്യുന്നത് ?

(A) നഗരമദ്ധ്യത്തിൽ. (B) ഗ്രാമപ്രദേശത്ത്.

(C) പുറമ്പോക്കിൽ (D) കോട്ടയ്ക്കുള്ളിൽ.

13. പുരാതന കാലത്ത് കേരളം വിദേശങ്ങളിൽ അറിയപ്പെട്ടിരുന്നത് :

(A) അറബിക്കടലിലെ പവിഴം. (B) മരതക ദ്വീപിലെ പവിഴം.

(C) ഇന്ദ്രനീലക്കടലിലെ പവിഴം. (D) മലയാൺമ.

14. ഏത് നൂറ്റാണ്ടിലാണ് കൊച്ചി ലോകപ്രശസ്തമായ തുറമുഖമായി മാറിയത് ?

(A) പതിനേഴാം നൂറ്റാണ്ടിൽ. (B) പതിനാറാം നൂറ്റാണ്ടിൽ.

(C) പതിനഞ്ചാം നൂറ്റാണ്ടിൽ. (D) പതിനാലാം നൂറ്റാണ്ടിൽ.

15. ജൂതശാസനം (കൊല്ലവർഷം 175) പുറപ്പെടുവിച്ച ചേര ചക്രവർത്തി :

(A) ഭാസ്ക്കരരവിവർമ്മ രണ്ടാമൻ. (B) ഭാസ്ക്കരരവിവർമ്മ മൂന്നാമൻ.

(C) ഇന്ദുകോതവർമ്മ. (D) ഭാസ്ക്കരരവിവർമ്മ ഒന്നാമൻ.

CHMK LIBRARY, UNIVERSITY OF CALICUT

16. മലയാളത്തിൽ അച്ചടിച്ച സമ്പൂർണ്ണ ഗ്രന്ഥമായ സംക്ഷേപവേദാർത്ഥം (ആദ്യ ഗ്രന്ഥം) രചിച്ചതാര് ?

(A) ക്ലമന്റ് പാതിരി. (B) ബനഡിക്ട്. പാതിരി.

(C) ഗുണ്ടർട്ട്. (D) ഫ്രാൻസിസ് പാതിരി.

17. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭാസം ആദ്യം കേരളത്തിൽ പ്രഖ്യാപിച്ചതാര് ?

(A) ഡോ. മീഡ്. (B) കേരളവർമ്മ.

(C) റാണി ലക്ഷ്മീഭായ്. (D) രാജരാജവർമ്മ.

18. അന്ധകാരയുഗം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് :

(A) ശശി തരൂർ. (B) പി.കെ. ബാലകൃഷ്ണൻ.

(C) അരുന്ധതി റോയ്. (D) മേധാപട്കർ.

19. ചവിട്ടു നാടകം എന്ന ദൃശ്യ കലാരൂപം ആരുടെ സംഭാവനയാണ് ?

(A) ഡച്ചുകാർ. (B) ഇംഗ്ലീഷുകാർ.

(C) ഫ്രഞ്ചുകാർ. (D) പോർച്ചുഗീസുകാർ.

20. സവർണ്ണർ ദലിത് വിദ്യാലയങ്ങളിൽ കയറി വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും വിദ്യാലയം തീ വെച്ച് നശിപ്പിക്കുകയും ചെയ്ത കേരളചരിത്രത്തിലെ കറുത്ത ദിനങ്ങളെ അറിയപ്പെടുന്ന തെങ്ങിനെ ?

(A) 90-ാം മാണ്ട് വിപ്ലവം. (B) 80-ാം മാണ്ട് വിപ്ലവം.

(C) 95-ാം മാണ്ട് വിപ്ലവം. (D) 85-ാം മാണ്ട് വിപ്ലവം.

CHMK LIBRARY, UNIVERSITY OF CALICUT

**D 14358** (Pages : 2) Name.....................................

Reg. No..................................

**FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021**

(CBCSS–SDE/Private)

Malayalam

MAL 1C 03—KERALA – REGION AND CULTURE

**(കേരളം : ദേശവും സംസ്കാരവും)**

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. ഐക്യ കേരള രൂപീകരണം കൊണ്ടുണ്ടായ നേട്ടങ്ങളെന്തെല്ലാം ?
2. കേരളത്തിലുണ്ടായ ജന്മി വ്യവസ്ഥയുടെ സവിശേഷതകൾ ഏവ ?
3. എൻ.എസ്.എസ്., എസ്.എൻ.ഡി.പി. എന്നീ സാമുദായിക സംഘടനകളുടെ പ്രാധാന്യമെന്ത് ?
4. പ്രാചീന കേരളത്തിലെ തുറമുഖങ്ങൾ ഏവ ? ഓരോന്നിനെക്കുറിച്ചും കുറിപ്പുകൾ തയ്യാറാക്കുക.
5. ബുദ്ധമതത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
6. ജാതിവ്യവസ്ഥയുടെ ഉദ്ഭവം സംബന്ധിച്ച വിവിധ മതങ്ങൾ ഏവ ?
7. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകതകൾ വിലയിരുത്തുക.

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries 3 weightage.*

8. തിണസങ്കല്പത്തിന്റെ പാരിസ്ഥിതിക പ്രാധാന്യമെന്ത് ?
9. മലബാർ കലാപത്തിന്റെ കാരണങ്ങളെപ്പറ്റി വിവരിക്കുക.
10. കേരളീയ നവോത്ഥാനത്തിന് അയ്യങ്കാളി നല്കിയ സംഭാവനകളെന്തെല്ലാം ?
11. കളരിയുടെ ഉദ്ഭത്തിലേക്കു നയിച്ച സാമൂഹികാവസ്ഥകളെന്തായിരുന്നു ?
12. കേരള സംസ്കാരത്തിന്റെ വളർച്ചയ്ക്ക് ക്രിസ്ത്യൻ മിഷണറിമാർ വഹിച്ച പങ്കെന്ത് ?

Turn over

CHMK LIBRARY, UNIVERSITY OF CALICUT

13. കുലശേഖര രാജാക്കന്മാരുടെ സാഹിത്യ സംഭാവനകളെ പരിചയപ്പെടുത്തുക.

14. കേരളീയ നവോത്ഥാനവും ചട്ടമ്പിസ്വാമികളും—വിശകലനം ചെയ്യുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries* 5 *weightage.*

15. പ്രാചീന കേരളത്തിന്റെ വിദേശ വ്യാപാര ബന്ധങ്ങളെപ്പറ്റി ഉപന്യസിക്കുക.

16. 'പോർട്ടുഗീസ്-ഡച്ച് അധിനിവേശം മൂലം കേരളസംസ്കാരത്തിനുണ്ടായ നേട്ടങ്ങൾ'—വിലയിരുത്തുക.

17. കേരളത്തിന്റെ ഭൂപ്രകൃതിയും ആവാസ വ്യവസ്ഥയും കേരളത്തിന്റെ സാംസ്കാരിക രംഗത്തുളവാക്കിയ സ്വാധീനമെന്ത് ?

18. ജനകീയാസൂത്രണത്തിൽ കേരളത്തിന്റെ അനുഭവ പാഠങ്ങളെപ്പറ്റി വിവരിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 14359** (Pages : 4 + 2 = 6) Name.......................................

Reg. No...................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021

(CBCSS–SDE/Private)

Malayalam

MAL 1C 04—MALAYALAM GRAMMAR

(മലയാള വ്യാകരണം)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

Time : 20 Minutes Total No. of Questions : 20

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.

CHMK LIBRARY, UNIVERSITY OF CALICUT

## MAL 1C 04—MALAYALAM GRAMMAR

## (മലയാള വ്യാകരണം)

Multiple Choice Questions :

1. ലീലാതിലകത്തിൽ ആകെ എത്ര ശില്പങ്ങളാണുള്ളത് ?

    (A) ഏഴ്.
    (B) ആറ്.
    (C) ഒമ്പത്.
    (D) എട്ട്.

2. ആറ് + അകം = ആറ്റകം എന്നാകുന്നത് ഏത് സന്ധി നിയമപ്രകാരമാണ് ?

    (A) ഏഭ്യാം ച.
    (B) ഹലിനവിശേഷം.
    (C) ഓർന്നിത്യം.
    (D) റുട്യോർദ്വിത്വം ച.

3. "ടാവും റാവുമിരട്ടിപ്പൂ

    ——————— ൽ യഥോചിതം"

    (A) ക്രിയാന്തത്തിൽ.
    (B) നാമാന്തത്തിൽ.
    (C) സമാന്തത്തിൽ.
    (D) അംഗത്തിൽ.

4. മലയാളത്തിലെ ത്രാസശബ്ദമേത് ?

    (A) അ.
    (B) ഏ
    (C) റ.
    (D) ഴ.

5. കേരളപാണിനീയം ഒന്നാം പതിപ്പ് പ്രസിദ്ധീകൃതമായ വർഷം :

    (A) 1895.
    (B) 1896.
    (C) 1897.
    (D) 1899.

6. 1878-ൽ പ്രസിദ്ധീകൃതമായ കേരള കൗമുദിയുടെ ഗ്രന്ഥകാരൻ :

    (A) പാച്ചു മൂത്തത്.
    (B) കോവുണ്ണി നെടുങ്ങാടി.
    (C) ജോർജ്ജ് മാത്തൻ.
    (D) എം. ശേഷഗിരി പ്രഭു.

7. ചുട്ടെഴുത്തുകൾ ആയ 'അ, ഇ, എ' എന്നീ സ്വരങ്ങൾ ———— സ്വരങ്ങളായും അറിയപ്പെടുന്നു.

    (A) പിൻസ്വരം.
    (B) താലവ്യസ്വരം.
    (C) ഓഷ്ഠ്യസ്വരം.
    (D) നടുസ്വരം.

CHMK LIBRARY, UNIVERSITY OF CALICUT

8. ഒരർത്ഥത്തെ കുറിക്കുന്നതായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിനെ പറയുന്ന പേര് :

(A) പദം. (B) വാക്യം.

(C) ശബ്ദം. (D) പ്രത്യയം.

9. മലയാളത്തിലെ ലിംഗവ്യവസ്ഥ എന്തിനെയനുസരിച്ചാണ് വ്യവസ്ഥാപിതമായിരിക്കുന്നത് ?

(A) ശബ്ദം. (B) അർത്ഥം.

(C) സന്ദർഭം. (D) പ്രകൃതി.

10. വാക്യത്തിൽ ക്രിയയ്ക്കും അതിനോടു ചേർന്നു വരുന്ന നാമങ്ങൾക്കും തമ്മിലുള്ള ആർത്ഥിക ബന്ധത്തെ സൂചിപ്പിക്കാൻ നാമങ്ങളോടു ചേർക്കുന്ന പ്രത്യയങ്ങൾ വിഭക്തിയെന്നു 'മലയാളത്തിലെ നാമവർഗം' എന്ന ഗ്രന്ഥത്തിൽ നിർവ്വചിച്ചതാര് ?

(A) ഡോ. കെ.എം. പ്രഭാകര വാരിയർ. (B) ഡോ. കെ. ശ്രീകുമാരി.

(C) എൽ.വി. രാമസ്വാമി. (D) ശേഷഗിരി പ്രഭു.

11. 'ഒന്നാം പിറന്നാൾ' തദ്ധിതമേത് ?

(A) നാമനിർമായി തദ്ധിതം. (B) തദ്വത്തദ്ധിതം.

(C) പൂരണി തദ്ധിതം. (D) തൻമാത്രാ തദ്ധിതം.

12. 'ഉ' കാരന്തങ്ങളായ അകാരധാതുവിൽ മാത്രം ശുദ്ധമായ 'തു' കാരം കാണാം. ഏത് കാലപ്രത്യയം ചേരുമ്പോഴുള്ള നിയമമാണിത് ?

(A) ഭൂതകാലം. (B) വർത്തമാനകാലം.

(C) ഭാവികാലം. (D) എല്ലാകാല പ്രത്യയങ്ങൾക്കും.

13. ലീലാതിലകത്തിന് ശൂരനാട്ടു കുഞ്ഞൻപിള്ള നല്കിയ വ്യാഖ്യാനത്തിന്റെ പേരെന്ത് ?

(A) കൈരളീതിലകം. (B) കാന്താരതാരകം.

(C) ഭാഷാകൈരളി. (D) ഭാഷാസുധ.

14. കാരകങ്ങളിലൊന്നും പ്രാധാന്യം കല്പിക്കാതെ ക്രിയയെ പ്രധാനമായി ഉപയോഗിക്കുന്നത് —————.

(A) അനുപ്രയോഗം. (B) പ്രാഗ്പ്രയോഗം.

(C) ഭാവേ പ്രയോഗം. (D) പ്രയോഗം.

15. പദങ്ങളെക്കുറിച്ച് ലീലാതിലകം ചർച്ച ചെയ്യുന്നത് എത്രാമത്തെ അദ്ധ്യായത്തിലാണ് ?

(A) ഒന്ന്. (B) മൂന്ന്.

(C) രണ്ട്. (D) നാല്.

CHMK LIBRARY, UNIVERSITY OF CALICUT

16. രണ്ട് കർമങ്ങളുടെ അകമ്പടിയോടെ വരുന്ന ക്രിയയ്ക്കു പറയുന്ന പേര് :

(A) സാധ്യക്രിയ. (B) സിദ്ധക്രിയ.

(C) വിശിഷ്ടക്രിയ. (D) പ്രയോജകക്രിയ.

17. 'നവോത്ഥാനവും കേരള പാണിനീയവും' എന്ന ലേഖനത്തിന്റെ കർത്താവാര് ?

(A) ഡോ. സി. ആർ. പ്രസാദ്. (B) ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.

(C) ഡോ. സി.ജി. രാജേന്ദ്രബാബു. (D) ഡോ. പി.വി. പ്രകാശ് ബാബു.

18. മൺ + തീതു - ചേർത്തെഴുതുക.

(A) മണ്ടീതു. (B) മണ്ണീതു.

(C) മൺതീതു. (D) മത്തീതു.

19. ഒരു ആഖ്യയും അതിലന്വയിക്കുന്ന ആഖ്യാതവുമുള്ള വാക്യത്തിനു പറയുന്ന പേരെന്ത് ?

(A) ചൂർണിക. (B) സങ്കീർണകം.

(C) യൗഗികം. (D) ചോദ്യവാക്യം.

20. അൻ, ഇ, ത്തി എന്നീ ലിംഗപ്രത്യയങ്ങൾ തദ്ധിത പ്രത്യയങ്ങളായി വരുന്ന തദ്ധിതവിഭാഗമേത് ?

(A) തദ്വത്തദ്ധിതം. (B) പൂരണി തദ്ധിതം.

(C) തന്മാത്ര തദ്ധിതം. (D) നാമനിർമായി തദ്ധിതം.

CHMK LIBRARY, UNIVERSITY OF CALICUT

D 14359 (Pages : 2) Name.......................................

Reg. No...................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021

(CBCSS–SDE/Private)

Malayalam

MAL 1C 04—MALAYALAM GRAMMAR

(മലയാള വ്യാകരണം)

(2019 Admission onwards)

CHMK LIBRARY, UNIVERSITY OF CALICUT

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. ഭാഷാപഠനത്തോടുള്ള സമീപനത്തിന്റെ കാര്യത്തിൽ വ്യാകരണം ഭാഷാ ശാസ്ത്രത്തിൽ നിന്ന് എങ്ങനെ ഭിന്നമാകുന്നുവെന്ന് വിശദമാക്കുക.
2. തൊൽക്കാപ്പിയം, നന്നൂൽ–കുറിപ്പെഴുതുക.
3. "അലുപ്താഖ്യസമാസത്തിൽ
   ധാതു പൂർവത്തിലും വരാ"
   –വ്യാഖ്യാനിക്കുക.
4. 'അ'കാരത്തിന്റെ ധ്വനിമൂല്യം കേരളപാണിനി നിർവഹിച്ചിരിക്കുന്നതെങ്ങനെ ?
5. മിശ്ര വിഭക്തി, സമാസ വിഭക്തി, ദ്വി വിഭക്തി–നിർവ്വചിച്ചുദാഹരിക്കുക.
6. തൽപ്പുരുഷ സമാസത്തിന്റെ അവാന്തര വിഭാഗങ്ങൾ ഏവ ?
7. ആഖ്യ, ആഖ്യാതം ഇവ എന്തെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries 3 weightage.*

8. ഗുണ്ടർട്ട്, ജോർജ്ജ് മാത്തൻ, ശേഷഗിരി പ്രഭു എന്നിവർ മലയാള വ്യാകരണ പഠനത്തിന് നൽകിയ സംഭാവനകൾ അവലോകനം ചെയ്യുക.
9. അനുസ്വാരത്തിന് ആദേശസന്ധിയിൽ വരുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ?

Turn over

10. "ഇതത്രേ രൂപനിഷ്പത്തി-

നയം ദ്രാവിഡഭാഷയിൽ"

–ദ്രാവിഡ ഭാഷകളിലെ രൂപനിഷ്പത്തിനയം എന്താണ് ? പുരുഷഭേദനിരാസം എന്ന നയവുമായി ബന്ധപ്പെടുത്തി വിശദമാക്കുക.

11. കാരകം എന്നാൽ എന്ത് ?എത്ര വിധം ? സോദാഹരണസഹിതം വിശദമാക്കുക.

12. മലയാളത്തിലെ നപുംസകലിംഗ പ്രത്യയത്തെക്കുറിച്ചുള്ള കേരളപാണിനിയുടെ നിലപാട് വ്യക്തമാക്കുക.

13. അനുപ്രയോഗം എന്നാൽ എന്ത് ? അവാന്തരവിഭാഗങ്ങൾ ഏവ ?

14. കേരളപാണിനീയം ആകാംക്ഷാധികാരത്തിലെ ഉള്ളടക്കം വിശകലനം ചെയ്ത് അപര്യാപ്തതകൾ ചൂണ്ടിക്കാണിക്കുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries 5 weightage.*

15. ലീലാതിലകത്തിലെയും കേരള പാണിനീയത്തിലെയും സന്ധിപ്രകരണത്തെ താരതമ്യം ചെയ്യുക.

16. മലയാള വിഭക്തികൾക്ക് കേരളപാണിനി പുതിയ പേരുകൾ കല്പിച്ചത് യുക്തിസഹമല്ല എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

17. നാമവിശേഷണം, ക്രിയാവിശേഷണം എന്നിവയെ സ്വതന്ത്രപദ വിഭാഗങ്ങളായി പരിഗണിക്കാമോ ? എന്തുകൊണ്ട് ? വിശദമാക്കുക.

18. കേരളപാണിനീയത്തിലെ ക്രിയാവിഭജനം സ്വീകാര്യമാണോ ? മറ്റ് വൈയാകരണന്മാരുടെ നിലപാടുകളുമായി താരതമ്യം ചെയ്ത് വിലയിരുത്തുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT